agape

# അഗാപെ കൈയ്യെഴുത്തു മാസിക

VOLUME-XI



www.agapemagazine.com


follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

# CONTENTS


1. EDITORIAL
2. ARTICLE
3. ACTS OF THE APOSTLES – A STUDY
4. ARTICLE
5. BIBLE HISTORY
6. QUIZ



COVER PAGE DESIGN BY JUDIT ABUDHABI

## മുഖവുര:

ക്രിസ്ത്യാനിത്വം ഒരു ജീവിത ശൈലിയാണ്. ജീവിതത്തിന്റെ മാതൃക ക്രിസ്തുവും. അതായി തീരുവാൻ തീരുമാനിക്കുന്നവർ ചെയ്യേണ്ട ഒരു കാര്യം 'തന്നത്താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തു അവനെ അനുഗമിക്കുക'! ജീവിത യാത്രയിൽ താദാത്മ്യം ചെയ്യുന്നതു ക്രിസ്തുവിനോടുതന്നെ. കാരണം അനുകരിക്കുവാൻ മാതൃക തന്നിട്ടു പോയതും ഉന്നതമായ ജീവിതം കാഴ്ച വെച്ചതും ക്രിസ്തു മാത്രം.

യേശുവിനെ കർത്താവായി അംഗീകരിച്ചുകഴിഞ്ഞാൽ ജീവിതത്തിന്റെ സമസ്ത മേഖലയിലും അവനായിരിക്കണം നമ്മെ നയിക്കേണ്ടത്. സകലവും അവൻ മുഖാന്തിരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല എന്നു സൃഷ്ടിപ്പിനെക്കുറിച്ചു യോഹന്നാന്റെ (1:3) സുവിശേഷത്തിൽ പറയുമ്പോൾ നമ്മുടെ ജീവിതത്തിലെ സകല തീരുമാനങ്ങളും അവൻ മുഖാന്തിരം ഉളവാകണം. ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല എന്നു ധൈര്യത്തോടെ നമുക്കു പറവാൻ സാധിക്കണം. എങ്കിൽ മാത്രമേ യേശു നമ്മുടെ കർത്താവാകുന്നുള്ളൂ.

പൗലോസ് അപ്പൊസ്തലൻ പറയുന്നു "ഞാൻ നിങ്ങളെ ക്രിസ്തുവെന്ന ഏകപുരുഷന്നു നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹം നിശ്ചയം ചെയ്തിരിക്കുന്നു." ഈ വലിയ ഉത്തരവാദിത്വ ബോധ്യം നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കട്ടെ. കറ, ചുളുക്കം, വാട്ടം, മാലിന്യം ഇവയൊന്നും ഏശാതെ നമ്മെ തന്നെ നിർമ്മലീകരിച്ചു വിശുദ്ധി കാത്തു സൂക്ഷിച്ചു അവനായ് കാത്തിരിക്കാം. വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ!


അഗാപെ കൈയ്യെഴുത്തു മാസിക
NEVER
FOR GOD
HAS SAID,
“I WILL NEVER FAIL YOU.
I WILL NEVER ABANDON YOU.”
ARTICLE
FAIL!
www.agapemagazine.com

ലേഖനം.


കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ കേരളത്തിൽ അങ്ങോളം ഇങ്ങോളം ഒട്ടുമിക്ക സംഘടനകളും, മുഖ്യമന്ത്രി മുതൽ പഞ്ചായത്ത് ഓഫീസിലെ പ്യൂൺ വരെ വൃക്ഷ തൈകൾ നട്ടു. ഒരു ലക്ഷം വൃക്ഷ തൈകൾ മുതൽ ഒരു വൃക്ഷ തൈ വരെ നട്ട സംഘടനകൾ ഉണ്ട്. ഈ വാർത്ത മാധ്യമങ്ങളിൽ കൂടി കണ്ടപ്പോൾ വളരെയധികം സന്തോഷവും മനസ്സിന് കുളിർമയും ഏകി. എന്നാൽ തനിയെ വളരുവാൻ പ്രാപ്തിയില്ലാത്ത ഈ വൃക്ഷ കുഞ്ഞുങ്ങളെ ഇനി വളർത്തുവാൻ പിന്നെ ഈ ജനിപ്പിക്കുന്നവർ മിനക്കെടാറുണ്ടോ അതോ മാധ്യമ കവറേജ് മാത്രമായിരുന്നുവോ എന്നുള്ളതാണ് ചോദ്യം. ഓരോ പരിസ്ഥിതി ദിനത്തിലും നട്ട വൃക്ഷ തൈകളിൽ 1000 എണ്ണമെങ്കിലും വളർച്ച പ്രാപിച്ചിരുന്നെങ്കിൽ.. നമുക്കു സൗജന്യമായി കിട്ടിയിരുന്നതിനും വിലയിടേണ്ടതായിരിക്കുന്നു. ഈ പ്രകൃതിയെല്ലാം ദൈവം നമുക്കു സൗജന്യമായി ജീവിക്കുവാൻ ഏല്പിച്ചു തന്നു. എന്നാൽ നമ്മുടെ മടിയും, വെട്ടിപ്പിടിക്കുവാനുള്ള ദുരാഗ്രഹവും കാരണം നമ്മിൽ നിന്ന് എല്ലാ ദൈവിക ദാനങ്ങളും ഓടിമറയുക-യാണ്.

ഇതിനോട് ചേർന്ന് ആത്മികരായ നാം ചിന്തിക്കുമ്പോൾ ദൈവം നല്കിയിരിക്കുന്ന പരിശുദ്ധാത്മാവിനെ അതിന്റെ ഫലം പുറപ്പെടുവിക്കുവാനായി നാം വിനിയോഗിക്കാറുണ്ടോ?

പൗലോസ് തെസ്സലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ അവരെ പ്രബോധിപ്പിക്കുന്നത് ആത്മാവിനെ കെടുത്തിക്കളയരുത് എന്നാണ്. [2nd Thes. 5:9] യേശുവിൽ വിശ്വസിക്കുന്നവർക്ക് ഈ ലോകത്തിൽ വിശുദ്ധ ജീവിതം നയിക്കേണ്ടതിന്-ദാനമായി നല്കുന്ന പരിശുദ്ധാത്മാവിനെ നമ്മുടെ ഗൗരവമില്ലാത്ത ജീവിതം കൊണ്ട് കെടുത്തിക്കളയുവാൻ സാധ്യത ഉണ്ടെന്നാണ് അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നത്. —

# അഗാപെ കൈയ്യെഴുത്തു മാസിക

ക്രൈസ്തവരിലേറിയ, ലോകത്തിന്റെ കലണ്ടറുകൾ അനുസൃതം ഭേദിച്ചു നടക്കുന്ന ഈ കാലയളവിൽ ആഴ്ചയിലൊരിക്കലും, അല്ലെങ്കിൽ വർഷത്തിലൊരിക്കൽ നടക്കുന്ന കൺവെൻഷനിലും മാത്രമാണ് നമ്മളും ഉണർവിലും നടക്കുന്നത്. പ്രിയമുള്ളവരെ, അവൻ സമീപസ്ഥനായ ദൈവം മാത്രമല്ല, ദൂരസ്ഥനായ ദൈവം കൂടിയാണെന്ന കാര്യം നാം ഓർക്കാതിരിക്കരുത്. [യിരമ്യാവു 23:23] നല്കിയിരിക്കുന്ന കൃപാവരങ്ങളെ ജ്വലിപ്പിക്കുവാനായി നമുക്ക് ശ്രമിക്കാം. അവന്റെ പ്രവൃത്തികളെ നാൾതോറും വർണ്ണിച്ച് ഹൃദയത്തിൽ നന്ദിയുള്ളവരായിരിക്കാം.


അഗാപെ കൈയ്യെഴുത്തു മാസിക
ACTS OF THE APOSTLES-A STUDY
www.agapemagazine.com

അപ്പ. പ്രവൃത്തികൾ ഒരു പഠനം

ദൈവത്തിന് വീണ്ടും സ്തോത്രം. അപ്പ. പ്രവൃത്തികൾ വീണ്ടും ചിന്തിക്കുവാൻ ദൈവം നൽകിയ അവസരത്തിനായ് നന്ദി. കഴിഞ്ഞ പ്രാവശ്യം നാം ചിന്തിച്ചു നിർത്തിയത് യേശുവിന്റെ സ്വർഗ്ഗാരോഹണവും ശിഷ്യരായ നമ്മെ പ്രത്യാശയുടെ ഒരു പടി കൂടെ എത്തിക്കുന്ന ദൂതന്മാരുടെ വാക്കും "ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും" എന്നുള്ള വചനം എടുത്ത് നമ്മൾ ചിന്തിച്ചു കഴിഞ്ഞു. ഈ വചനം പഠിക്കുമ്പോൾ ചിലരുടെ-യെങ്കിലും മനസ്സിൽ ഒരു ചിന്ത വരാം, എത്രയോ നാളുകളായി പറയുന്നു കർത്താവ് വീണ്ടും വരുന്നു. വരുന്നു എന്നു പറയുന്നതല്ലാതെ ഇതുവരെയും എത്തിയി-ട്ടില്ലല്ലോ. ഒരു പക്ഷെ വരുമോ? . മനുഷ്യരെ പേടിപ്പിക്കുവാനോ നമ്മുടെ നടപ്പ് ക്രമപ്പെടുത്തുവാനോ വേണ്ടി പറയുന്നതാണോ യേശു വീണ്ടും വരുന്നു എന്നതും ന്യായവിധി എന്നതും. എന്നാൽ പ്രിയപ്പെട്ടവരെ ദൈവവചനം വ്യക്തമായി പറയുന്നു. ചിലർ താമസം എന്നു വിചാരിക്കുമ്പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. വീണ്ടും എബ്രായ ലേഖനത്തിൽ കാണുന്നു [10:37-38] "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല" എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല".

പ്രത്യാശയോടെ യേശുവിനെ വേണ്ടി നമ്മെ തന്നെ നിർമ്മലീകരിച്ചു കാത്തിരിക്കാം.

ഈ പ്രാവശ്യം നമ്മൾ ചിന്തിക്കുന്നത് 12 മുതൽ 14 വരെയുള്ള വാക്യങ്ങളാണ്.

" അവർ യെരൂശലേമിന്നു സമീപത്തു ഒരു ശബ്ബത്ത് ദിവസത്തെ വഴിദൂരമുള്ള ഒലീവ് മലവിട്ടു യെരൂശലേമിലേക്കു മടങ്ങിപ്പോന്നു. അവിടെ എത്തിയപ്പോൾ അവർ പാർത്ത മാളികമുറിയിൽ കയറിപ്പോയി, പത്രൊസ്, യോഹന്നാൻ,

യാക്കോബ്, അന്ത്രയോസ്, ഫിലിപ്പോസ്, തോമസ്, ബർത്തലോമായി, മത്തായി, അല്‍ഫായിയുടെ മകനായ യാക്കോബ്, എരിവുകാരനായ ശിമോൻ, യാക്കോബിന്റെ മകനായ യൂദാ ഇവർ എല്ലാവരും സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടും കൂടെ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചു പോന്നു".

യേശു കർത്താവിന്റെ സ്വർഗ്ഗാരോഹണം ഒലിവു മലയിൽ നിന്നായിരുന്നു. ഒലിവു മല യെരുശലേമിൽ നിന്നും ഒരു ശബ്ബത്ത് ദിവസത്തെ ദൂരമുള്ളതായിരുന്നു. ഒരു ശബ്ബത്ത് ദിവസത്തിൽ യെഹൂദന് സഞ്ചരിക്കുവാൻ അനുവദിച്ചിട്ടുള്ള ദൂരം ഒരു മൈലാണ്. അതുകൊണ്ടാണ് ഒലിവുമല യെരുശലേമിൽ നിന്നും ഒരു ശബ്ബത്ത് ദിവസത്തെ ദൂരമുള്ളതായിരുന്നു എന്നു പറയുവാൻ കാരണം.

ഒലിവു മലയിൽ നിന്ന് അവരെല്ലാവരും നേരിട്ട് യെരുശലേമിൽ തന്നെ മടങ്ങി വന്നു. ആരും തന്നെ വേറെ വഴിയായി പോയതായി കാണുന്നില്ല. കാരണം തന്നിൽ നിന്നു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കുവാൻ അവർ യെരുശലേമിൽ തന്നെ തിരിച്ചെത്തി.

ഇന്നവരെയും ജീവിതത്തിന്റെ സമസ്ത മേഖലകളിലും തങ്ങളെ നയിച്ചിരുന്ന രക്ഷനായകൻ ഈ ഭൗമിക ജീവിതത്തിൽ പിതാവു തന്നെ ഭരമേല്പിച്ചിരുന്ന പ്രവൃത്തി തികച്ചിട്ട് (യോഹന്നാൻ 17:4) പിതാവിന്റെ സന്നിധിയിലേക്ക് വാനിലേറി.

യേശുകർത്താവിന്റെ ശരീരമാകുന്ന സഭയ്ക്ക് ആരംഭം കുറിക്കുന്നത് യെരുശലേമിൽ അവർ പാർത്ത മാളിക മുറിയിലാണ്. ഒരു പക്ഷേ യേശു കർത്താവും തന്റെ ശിഷ്യന്മാരും അന്ത്യ അത്താഴം കഴിച്ചതും ഇതേ മാളികമുറിയിലായിരിക്കാം. അങ്ങനെയെങ്കിൽ ഒരുപാട് ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ മാളികമുറിയിലാണ് നമ്മെ കറ, ചുളുക്കം, വാട്ടം, മാലിന്യം ഒന്നുമില്ലാത്ത നിഷ്കളങ്കയായ ഒരു മണവാട്ടിയായി യേശുവിനു സമർപ്പിക്കുവാൻ പരിശുദ്ധാത്മാവ് -


കടന്നു വന്നത്. ഇവരെല്ലാവരും ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചുപോന്നു. നമ്മുടെ പ്രതീക്ഷയോടെ കാത്തിരിക്കുമ്പോൾ, പിതാവാം യേശുവിനെ കുറിച്ചുള്ള വാഞ്ഛ നമ്മുടെ ഉള്ളിൽ ഉടലെടുക്കും അപ്പോഴൊക്കെയും നമ്മെ അവൻ തന്റെ ആത്മാവു കൊണ്ട് നിറക്കും. യോഹന്നാന്റെ സുവിശേഷത്തിൽ "യേശു ഉത്സവത്തിന്റെ അവസാന ദിവസത്തിൽ വിളിച്ചു പറഞ്ഞത് ഇതാണ്. ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു. അവൻ തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെ കുറിച്ചാകുന്നു പറഞ്ഞത്. യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു". [യോഹന്നാൻ 7:37-38]

അവനിൽ വിശ്വസിക്കുന്നവർക്കു ദാനമായി നല്കുന്നതാണ് പരിശുദ്ധാത്മാവിനെ. പരിശുദ്ധാത്മാവിനെ കാത്തിരിക്കുന്നതുകൊണ്ട് നമ്മുടെ ആവശ്യബോധം കൂടി വർദ്ധിക്കുവാൻ ഇടയാകും. തന്നെ ശിഷ്യന്മാർക്ക് ആത്മാവിന്റെ ആവശ്യകതയെപ്പറ്റി ബോധ്യമുണ്ടായതുകൊണ്ട് അവർ ഏകമനസ്സോടെ പ്രാർത്ഥിച്ച് പരിശുദ്ധാത്മാവി-നുവേണ്ടി കാത്തിരുന്നു.

ഒരു കാര്യം അസന്നിഗ്ധമായി പറയുവാൻ സാധിക്കും. യേശുവിന്റെ ശിഷ്യരായ നമുക്കു പരിശുദ്ധാത്മാവിനെ സഹായമില്ലാതെ ഈ ഭൂമിയിൽ വിജയ ജീവിതം നയിക്കുവാൻ സാധ്യമല്ല. നാമൊരു ക്രിസ്ത്യാനിയായിട്ടാണ് ജീവിക്കുന്നതെങ്കിൽ പരിശുദ്ധാത്മാവിനെ ആവശ്യമാണ്. അതു യേശുവിനെ പോലെ ആവാൻ നമ്മുടെ ഏകലക്ഷ്യമെങ്കിൽ പരിശുദ്ധാത്മാവിനെ അധികമായി അന്വേഷിക്കുക. യേശു കർത്താവ് ആത്മാവിൽ നിറഞ്ഞവനായി ഈ ലോകത്തിലെ ജീവിതം ജീവിച്ചു ലോകത്തെ ജയിച്ചു എങ്കിൽ തീർച്ചയായും നമുക്കും. പരിശുദ്ധാത്മാവിന്റെ നിറവാവശ്യമാണ്.

# അഗാപെ കൈയ്യെഴുത്തു മാസിക

അങ്ങനെയെങ്കിൽ നമുക്കും പറയുവാൻ സാധിക്കും ചങ്കുറപ്പി-നോടു കൂടെ ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു; ഇനിയും നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു എന്ന്. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.


അഗാപെ കൈയ്യെഴുത്തു മാസിക
My yoke is easy
my burden is light.
Matthew 11:30
www.agapemagazine.com

തയ്യാറാക്കിയത്: ഷീന മനോജ്: ദുബായ്.

ക്രിസ്തുവിന്റെ സുവിശേഷം തികച്ചും വ്യത്യസ്തമാണോ?

നിരീശ്വരവാദികൾ പറയുന്നത്, യേശുക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് യാതൊരു പ്രത്യേകതയും ഇല്ലെന്നാണ്. എന്നാൽ സത്യം തികച്ചും മറിച്ചാണ്.

പ്രവൃത്തികളെപ്പോലെ ചിന്തയും വിശുദ്ധമായിരിക്കണം.

പ്രലോഭനങ്ങൾക്കെതിരെ പ്രവർത്തിച്ചത് കൊണ്ട് മാത്രം നാം തെറ്റുകാരല്ലാതാകുന്നില്ല. എന്നാൽ, പ്രലോഭനങ്ങൾക്ക് എതിരായി നമ്മുടെ ചിന്തയും മനസ്സും പൂർണ്ണമായും ചിന്തിക്കുകയും വേണം. പ്രലോഭനങ്ങൾക്ക് കീഴ്പ്പെടാതിരിക്കേണ്ടത് ചിന്തയിലും പ്രവൃത്തിയിലും ആയിരിക്കണം എന്നാണ് കർത്താവ് ആഹ്വാനം ചെയ്യുന്നത്. താഴെ പറയുന്ന ചില ഉദാഹരണങ്ങൾ നമുക്ക് ഇത് മനസ്സിലാക്കുവാൻ സഹായിക്കും.

ലോകം പറയുന്നു:- ആരെങ്കിലും നമ്മെ ദേഷ്യം പിടിപ്പിക്കുകയാണെങ്കിൽ, അവരോട് ഇവിടെ നിന്നും പോകുവാൻ ആവശ്യപ്പെടുന്നതിൽ തെറ്റില്ല.

യേശുക്രിസ്തു പറയുന്നു:- സഹോദരനോട് കോപിക്കുകയോ അവനെ നിസ്സാര എന്നു വിളിക്കുകയോ ചെയ്താൽ ന്യായവിധിക്കു യോഗ്യനാകും. [മത്തായി 5:22]

ലോകം പറയുന്നു:- വിവാഹിതനായാൽ പോലും സുന്ദരിയായ ഒരു സ്ത്രീയെ നോക്കുന്നതിൽ തെറ്റില്ല. തെറ്റായി ഒന്നും പ്രവർത്തിക്കാതിരുന്നാൽ മതി.

യേശുക്രിസ്തു പറയുന്നു:- സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോയി. [5:28]

ലോകം പറയുന്നു:- ഒത്തുപോകുവാൻ പറ്റില്ലെങ്കിൽ വിവാഹബന്ധം വേർപെടുത്തുന്നതിൽ തെറ്റില്ല.

യേശുകർത്താവു പറയുന്നു:- പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെക്കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു. [5:32]

# അഗാപെ കൈയ്യെഴുത്തു മാസിക


ലോകം പറയുന്നു:- മനുഷ്യർക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുവാൻ
ഏതൊരു വഴിയും തേടുന്നതിൽ തെറ്റ് സാരമില്ല.
യേശു കർത്താവ് പറയുന്നു:- ഒരിക്കലും സത്യം ചെയ്യരുത്. നിങ്ങളുടെ വാക്കു ഉവ്വ്, ഉവ്വ്
എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ. [മത്തായി 5:33-37]
ലോകം പറയുന്നു:- മനുഷ്യർ നമ്മെ ദ്രോഹം ചെയ്യാൻ ശ്രമിച്ചാൽ
ഇരട്ടി കൊടുക്കണം.
യേശുക്രിസ്തു പറയുന്നു:- ദുഷ്ടനോട് എതിർക്കരുത്. തിന്മയ്ക്കു പകരം
നന്മ ചെയ്ത് ജയിക്കുക. [മത്തായി 5:38-42]

ലോകം പറയുന്നു:- നിന്റെ ശത്രുക്കളോട് നിനക്ക് വെറുപ്പ് ഉണ്ടാകുന്നത്
സ്വാഭാവികം.

യേശുക്രിസ്തു പറയുന്നു:- ശത്രുക്കളെ സ്നേഹിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക.
[മത്തായി 5:43-45]
ലോകം പറയുന്നു:- ദാനധർമ്മങ്ങൾ നാലുപേർ അറിയണം. അതിൽ തെറ്റില്ല.
യേശു കർത്താവ് പറയുന്നു:- ദാനധർമ്മം രഹസ്യമായി ചെയ്യുക. [6:1-4]
ലോകം പറയുന്നു:- പരസ്യമായി പ്രാർത്ഥിക്കണം.
യേശു കർത്താവ്:- പിതാവിനോട് രഹസ്യത്തിൽ പ്രാർത്ഥിക്കുക. [6:5-6]
ലോകം പറയുന്നു:- നിങ്ങളോട് തെറ്റു ചെയ്യുന്നവരോട് തിരിച്ചും അങ്ങനെയാകാം.
യേശു കർത്താവ്:- നിങ്ങളോട് തെറ്റു ചെയ്യുന്നവരോട് ക്ഷമിക്കണം. [6:14-15]
ലോകം പറയുന്നു:- ജീവിതം ആഘോഷമാക്കുക.
യേശു കർത്താവ്:- ശേഖരിക്കരുത്. [6:19-21]
ലോകം പറയുന്നു:- സമ്പാദിക്കുക, പണത്തിൽ സന്തോഷിക്കുക.
യേശു കർത്താവ് പറയുന്നു:- ഒരുവന് ദൈവത്തെയും പണത്തെയും ഒരുപോലെ
സ്നേഹിക്കുവാനാകില്ല.

ലോകം പറയുന്നു:- 'അന്യരെക്കുറിച്ചുള്ള വാർത്ത വായിച്ചോ? അറിഞ്ഞോ?'
യേശു കർത്താവ്:- മറ്റുള്ളവരെ വിധിക്കരുത്. സ്വയം പരിശോധിക്കുക. [7:1-5]
അന്നത്തെ ശിഷ്യർ അവരുടെ തമ്മിലുള്ള സ്നേഹം കൊണ്ട് അറിയപ്പെടണം എന്ന് യേശു പഠിപ്പിച്ചു. ദൈവത്തെ സ്നേഹിക്കുന്നവരുടെ മനസ്സിൽ ദൈവസ്നേഹം കവിഞ്ഞൊഴുകും എന്ന് യേശു പറഞ്ഞു. അവിടുന്ന് പറയുന്നു "സ്നേഹിതർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല."

യേശുക്രിസ്തുവിന്റെ സുവിശേഷം, അവിടുന്ന് നമ്മെ പഠിപ്പിച്ചത്, എന്നും വ്യത്യസ്തമായിരുന്നു. അവിടുത്തെ നിയമങ്ങൾ നമുക്ക് നന്മയ്ക്കായി പ്രദാനം ചെയ്യുന്നു. വിധിനാൾ ദൈവത്തിന്റെ മുമ്പിൽ നാം നിൽക്കുമ്പോൾ, എന്ത് ഉത്തരം നൽകാനാകും? എന്ത് ഒഴികഴിവുകൾ നിരത്താനാകും. ഇതിനായിട്ടാണോ നമ്മുടെ രക്ഷയ്ക്കായി തന്റെ ഏകജാതനെ അവിടുന്ന് ലോകത്തിലേക്ക് അയച്ചത്.?



അഗാപെ കൈയ്യെഴുത്തു മാസിക
BIBLE HISTORY
- Psalm 103:5 -
Bless the LORD who satisfies
your desires with good things
so that your youth is
renewed like the eagle's.
www.agapemagazine.com

## വേദപുസ്തക ചരിത്രം.

1. വേദപുസ്തകം എഴുതിയ കാലം, സ്ഥലം:-

ബി.സി 1600നും 400നും ഇടയിലുള്ള കാലഘട്ടത്തിൽ പലപ്പോഴായി മുപ്പത് എഴുത്തുകാരാൽ തയ്യാറാക്കപ്പെട്ട പഴയനിയമവും, എ.ഡി. 40 മുതൽ 95 വരെയുള്ള കാലഘട്ടത്തിൽ എട്ട് എഴുത്തുകാരാൽ തയ്യാറാക്കപ്പെട്ട പുതിയനിയമവും ഉൾക്കൊള്ളുന്ന 66 പുസ്തകങ്ങൾ ചേർന്നതാണ് സത്യവേദപുസ്തകം. എഴുത്തുകാരിൽ പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ, ഇടയന്മാർ, വൈദ്യന്മാർ, മുക്കുവന്മാർ, പണ്ഡിതന്മാർ എന്നിങ്ങനെ ജീവിതത്തിന്റെ നാനാ തുറകളിൽ പെട്ടവർ ഉൾപ്പെടുന്നു. വ്യത്യസ്തങ്ങളായ ചരിത്രസ്ഥിതിയിലും വിദ്യാഭ്യാസ സാംസ്കാരിക പശ്ചാത്തലങ്ങളിലും നിന്ന് എഴുതിയ ഈ 66 ഗ്രന്ഥങ്ങളും അത്ഭുതകരമായ ഐക്യം പുലർത്തുന്നുവെന്നുള്ളത്.


2. ബൈബിൾ എന്ന പദം:-

Biblion എന്ന ഗ്രീക്കു പദത്തിന്റെ പുസ്തകം എന്നും Biblia എന്നതിന്റെ പുസ്തകങ്ങൾ എന്നുമാണർത്ഥം. ആദ്യനൂറ്റാണ്ടുകളിൽ തിരുവെഴുത്തുകളെ Biblia എന്നാണു വിളിച്ചിരുന്നത്. വേദപുസ്തകം ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്ത വിക്ലിഫ്, വേദപുസ്തകത്തിന് Bible എന്ന പദം സ്വീകരിച്ചു. അതിനെ പിന്നീട് സർവ്വസ്വീകാര്യതയും ലഭിച്ചു. യോഹ. 21:25; 2 തിമൊ. 4:13, ദാനിയേൽ 9:2 മുതലായ ഭാഗങ്ങളിൽ പുസ്തകങ്ങൾ എന്നതിനെ Biblia എന്ന പദമാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്.

നിയമം എന്ന വാക്കിന്റെ ഗ്രീക്കിൽ DIATHEKE എന്നും ലത്തീനിൽ TESTAMENTUM എന്നും ഉപയോഗിച്ചു വരുന്നു. അതിന്റെ ഉടമ്പടി എന്നാണ് അർത്ഥം. പഴയതും പുതിയതുമായ ഉടമ്പടിയാണ് വേദപുസ്തകം എന്നതിനാലാണ TESTAMENT എന്ന പദം ഇംഗ്ലീഷുകാർ സ്വീകരിച്ചിരിക്കുന്നത്.

[തുടരും]

# അഗാപെ കൈയ്യെഴുത്തു മാസിക




# QUIZ

Email id: agape.magasine@gmail.com

## ചോദ്യാവലി

1. 'കൊർബ്ബാൻ' എന്ന വാക്കിന്റെ അർത്ഥം?
2. ബൈബിളിലെ ഏറ്റവും ചെറിയ വാക്യം?
3. ബൈബിളിലെ ആദ്യ മിഷ്യനറിമാർ ആര്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം agape.magazine@gmail.com

കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ.

1. ബർന്നബാസ് എന്ന പേരിന്റെ അർത്ഥം?
   പ്രബോധന പുത്രൻ.
2. പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ചതുകൊണ്ട് ഒരേ ദിവസം മരിച്ച ഭാര്യയും ഭർത്താവും ആരൊക്കെ?
   അനന്യാസും ഭാര്യ സഫീറയും.
3. "ഞാൻ നിന്റെ നടുവിൽ താഴ്മയും ദാരിദ്ര്യവും ഉള്ളോരു ജനത്തെ ശേഷിപ്പിക്കും. അവർ യഹോവയുടെ നാമത്തിൽ ശരണം പ്രാപിക്കും." വേദഭാഗം കണ്ടുപിടിക്കുക.
   സെഫന്യാവ് 3:12

ശരിയുത്തരം അയച്ചത് - ഷീനാ ജോൺ, കുമ്പഴ.